روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

## ആരാണ് മുഹമ്മദ് നബി (സ്വ)

10/06/2022

sufaraulislam.com

بسم الله الرحمن الرحيم

- ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ സ്വീകരിച്ചു കൊണ്ടിരിക്കുന്ന മതം ഇസ്ലാമാണ്.
- ലോകത്ത് ഏറ്റവും കുടുതൽ ആളുകൾ ഫോളോ ചെയ്യുന്ന വ്യക്തി മുഹമ്മദ് നബി (സ്വ) യെയും ആണ്.
- ചെറിയ കുട്ടികളും, പ്രായമുള്ളവരും ജീവിതത്തിന്റെ എല്ലാ മേഖലകളിലും അനുധാവനം ചെയ്യാൻ ശ്രമിച്ചു  കൊണ്ടിരിക്കുന്ന വ്യക്തി.
- അദ്ദേഹം ഉറങ്ങിയതു പോലെ ഉറങ്ങണം, ഭക്ഷണം കഴിച്ചതു പോലെ കഴിക്കണം വസ്ത്രം ധരിച്ചതു പോലെ വസ്ത്രം ധരിക്കണം, വാഹനത്തിൽ കയറിയതു പോലെ വാഹനത്തിൽ കയറണം....
- ഇസ്ലാമിന്റെ വളർച്ചയിലും ഈ മതം മുന്നോട്ടു വെക്കുന്ന നന്മയിലും പ്രയാസം നേരിടുന്നവർ എല്ലാ കാലത്തും ഇസ്ലാമിനെയും മുഹമ്മദ് നബി (സ്വ) യെയും വിമർശിക്കാനും പരിഹസിക്കാനും ശ്രമിച്ചിട്ടുണ്ട്.
- കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി ലോകം ചർച്ച ചെയ്തു കൊണ്ടിരിക്കുന്ന കാര്യം നമ്മുടെ രാജ്യത്തുള്ള ചിലർ മുഹമ്മദ് നബി (സ്വ) യെ നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്ത സംഭവങ്ങളാണ്.
- സത്യത്തിൽ ഇത് ചരിത്രത്തിന്റെ തുടർച്ച തന്നെയാണ്. മക്കാ മുശ്രിക്കുകൾ തുടങ്ങി വെച്ച പ്രവാചക നിന്ദകളുടെ തുടർച്ച.
- ഇസ്ലാമിനും പ്രവാചകനും എതിരെ കുത്തുവാക്കുകൾ നിങ്ങൾക്ക് കേൾക്കേണ്ടി വരും.

لَتُبْلَوُنَّ فِي أَمْوَالِكُمْ وَأَنفُسِكُمْ وَلَتَسْمَعُنَّ مِنَ الَّذِينَ أُوتُوا الْكِتَابَ مِن قَبْلِكُمْ وَمِنَ الَّذِينَ أَشْرَكُوا أَذًى كَثِيرًا ۚ وَإِن تَصْبِرُوا وَتَتَّقُوا فَإِنَّ ذَٰلِكَ مِنْ عَزْمِ الْأُمُورِ ﴿١٨٦/٣﴾

- എന്നാൽ മത നിന്ദകളും പ്രവാചക നിന്ദകളുമൊക്കെ കടന്നുവരുമ്പോളെല്ലാം ഇസ്ലാമിന്റെ യശസ്സ് ഉയർന്നിട്ടെയുള്ളൂ.

- എന്നാൽ അതിനുള്ള മറുപടികൾ പക്വവും വിവേക പരവും ആകാൻ നാം ശ്രദ്ധി ക്കേണ്ടതുണ്ട്.

وَلَا تَسْتَوِي الْحَسَنَةُ وَلَا السَّيِّئَةُ ادْفَعْ بِالَّتِي هِيَ أَحْسَنُ فَإِذَا الَّذِي بَيْنَكَ وَبَيْنَهُ عَدَاوَةٌ كَأَنَّهُ وَلِيٌّ حَمِيمٌ ﴿٣٤/٤١﴾

ഇന്ത്യൻ വർഗ്ഗീയ ശക്തികളുടെ നബി നിന്ദക്കെതിരെ നിരവധി രാജ്യങ്ങൾ പ്രതി ഷേധമറിയിച്ചതും, ശക്തമായ നിലപാട് എടുത്തതും ഏറെ ആശാവഹമാണ്.

- **എന്തിന് മുസ്ലിംങ്ങൾക്ക് വേദനിക്കണം?**
- പലരുടെയും ചോദ്യമാണിത്.
- മുഹമ്മദ് നബി (സ്വ) യെ വിമർശിക്കുന്നതിന് എന്തിന് നിങ്ങൾ വേദനിക്കുന്നു?
- ഇന്ന് നബി (സ്വ) വിമർശിക്കാൻ വേണ്ടി ആളുകൾ ഉപയോഗിക്കുന്ന കാര്യങ്ങൾ നമ്മുടെ മാതാപിതാക്കൾക്കോ, മക്കൾക്കോ നേരെ ആരെങ്കിലും പറഞ്ഞാൽ എന്തായിരിക്കും നമ്മുടെ അവസ്ഥ?
- നമുക്ക് വേദന തോന്നുമോ?
- എങ്കിൽ ഇവരെക്കാളെല്ലാം ഒരു വിശ്വാസി സ്നേഹിക്കുന്നത് മുഹമ്മദ് നബി (സ്വ) യെയാണ്.

عَنْ أَنَسٍ قالَ: قالَ النَّبِيُّ ﷺ: لاَ يُؤْمِنُ أَحَدُكُمْ حَتّى أَكُونَ أَحَبَّ إِلَيْهِ مِن والِدِهِ ووَلَدِهِ والنّاسِ أَجْمَعِينَ». (مسلم)

അനസ് ബിൻ മാലിക് (റ) വിൽ നിന്ന് നിവേദനം: നബി (സ) പറഞ്ഞു: നിങ്ങളിൽ ഒരാളും തനിക്ക് സ്വന്തം സന്താനത്തെക്കാളും മാതാപിതാക്കളെക്കാളും മുഴുവൻ ജന ങ്ങളെക്കാളും ഏറ്റവും ഇഷ്ടപ്പെട്ടവൻ ഞാൻ ആയി തീരുന്നത് വരെ സത്യവിശ്വാസി യാവുകയില്ല.

**നാം ശ്രദ്ധിക്കേണ്ടത്;**

തന്റെ അനുയായികളാൽ അളവറ്റ് സ്നേഹിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെ യ്യുന്ന ഒരു നേതാവിനെ അല്ലെങ്കിൽ ലോകത്തെ തന്നെ സ്വാധീനിച്ച ഒരു മനുഷ്യ സ്നേഹിയെ പരമാവധി താറടിച്ച് കാണിച്ച് ആ വ്യക്തിയെക്കുറിച്ച് ഒട്ടും ധാരണയി ല്ലാത്തവരുടെ മനസ്സുകളിൽ ബീഭത്സവും വികൃതവുമായ ഒരു വ്യക്തിത്വമായി പ്രവാ ചകനെ ചിത്രീകരിക്കുക എന്നതാണ് പ്രവാചക വിമർശനത്തിന് പിന്നിലെ ല ക്ഷ്യം.

- **വിമർശനങ്ങളോടുള്ള ഇസ്ലാമീക സമീപനം.**
- തിന്മകൾ കണ്ടാൽ തിരുത്തണം എന്നും ഉപദേശിക്കണമെന്നും പഠിപ്പിക്കുന്ന മതാണ് ഇസ്ലാം.
- എന്നാൽ ആരെയും പരിഹസിക്കാനോ അപഹസിക്കാനോ ഇസ്ലാം അനുവാദം നൽകുന്നില്ല.
- മറ്റുമതസ്ഥരുടെ ആരാധ്യ വസ്തുക്കളെ പരിഹസിക്കരുത്.

ولا تَسُبُّوا الَّذِينَ يَدْعُونَ مِن دُونِ اللَّهِ فَيَسُبُّوا اللَّهَ عَدْوًا بِغَيْرِ عِلْمٍ كَذَلِكَ زَيَّنَّا لِكُلِّ أُمَّةٍ عَمَلَهُمْ ثُمَّ إِلَى رَبِّهِمْ مَرْجِعُهُمْ فَيُنَبِّئُهُمْ بِما كانُوا يَعْمَلُونَ (الأنعام ١٠٨)

- നബി (സ്വ) പഠിപ്പിച്ചു.

عَن أبي هُرَيْرَةَ عَنِ النَّبِيِّ ﷺ أنَّهُ قال :أتَدْرُونَ ما المُفْلِ؟قالُواْ: المُفْلِسُ فِينا مَن لاَ دِرْهَمَ لَهُ ولاَ مَتاع؛ فَقالَ ﷺ:إنَّ المُفْلِسَ مِن أُمَّتي؛ يَأْتي يَوْمَ القِيامَةِ بِصَلاَةٍ وصِيامٍ وزَكاة، ويَأْتي: قَدْ شَتَمَ هَذا، وقَذَفَ هَذا، وأكَلَ مالَ هَذا، وسَفَكَ دَمَ هَذا، وضَرَبَ هَذا؛ فَيُعْطى هَذا مِن حَسَناتِه، وهَذا مِن حَسَناتِه، فَإنْ فَنِيَتْ حَسَناتُهُ قَبْلَ أنْ يَقْضِيَ

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി ﷺ ചോദിച്ചു: "പാപ്പരായവർ ആരാണെന്ന് അറിയുമോ?" സ്വഹാബികൾ പറഞ്ഞു: "പണവും വിഭവങ്ങളും ഇല്ലാത്തവനാണ് പാപ്പരായവൻ." നബി ﷺ പറഞ്ഞു: "എന്റെ സമുദായത്തിലെ പാപ്പരായവൻ ഇവനാണ്-നമസ്കാരവും നോമ്പും സകാത്തുമായി അവൻ വരും. പക്ഷേ, അവൻ ഒരുത്തനെ ശകാരിച്ചിരിക്കും. മറ്റൊരുത്തനെപ്പറ്റി ദുഷ്പരാതി പറഞ്ഞിരിക്കും. വേറൊരുത്തന്റെ സ്വത്ത് തിന്നിരിക്കും. മറ്റൊരുത്തന്റെ രക്തം ചിന്തിയിരിക്കും. അങ്ങനെ അവർക്കൊക്കെ അവന്റെ പുണ്യങ്ങളെടുത്തുകൊടുക്കും. അവന്റെ കടം തീരുന്നതിന് മുമ്പ് പുണ്യം കഴിഞ്ഞുപോയാൽ അവരുടെ പാപമെടുത്ത് ഇവന് കൊടുക്കും. അങ്ങനെ അവൻ നരകത്തിൽ തള്ളപ്പെടും (മുസ്‌ലിം).

- മറ്റൊരാളെ പരിഹസിക്കുന്നതും ചീത്തപ്പേര് വിളിക്കുന്നതും കടുത്ത ദ്രോഹമാണെന്ന് ഖുർആനും ഹദീസും പഠിപ്പിക്കുന്നുണ്ട്.
- **നബി (സ്വ) ക്ക് നേരയുള്ള വിമർശനങ്ങൾ...**
- മുഹമ്മദ് നബി (സ്വ) ക്ക് നേരയുള്ള വിമർശനങ്ങളുടെ ചരിത്രം എന്താണ്?

- "നിനക്ക് നാശമുണ്ടാകട്ടെ! ഇതിനു വേണ്ടിയായിരുന്നോ നീ ഞങ്ങളെ വിളിച്ചു കൂട്ടിയത്?"

عَنِ ابْنِ عَبّاسٍ: قالَ أبُو لَهَبٍ: تَبًّا لَكَ، أَلِهَذا جَمَعْتَنا!؟ فَنَزَلَتْ ﴿تَبَّتْ يَدا أَبِي لَهَبٍ وتَبَّ (مسلم:)

- അബൂലഹബ് സഫാ കുന്നിൻ ചുവട്ടിൽ നിന്നും നബി വിമർശനത്തിന് ഉദ്ഘാടനം കുറിച്ചു...
- അബൂലഹബിന്റെ വിമർശനങ്ങൾക്ക് അല്ലാഹു സൂറത്തു ലഹബിലൂടെ മറുപടി നൽകി..
- തുടർന്നങ്ങോട്ട് നിരന്തരം പീഡനങ്ങളും പരിഹാസങ്ങളും ഏറ്റു വാങ്ങേണ്ടി വന്നു.

1. ത്വായിഫിൽ നിന്നു കല്ലേറ് കൊണ്ട നബി (സ്വ).
2. സ്വന്തം ജനത ബഹിഷ്കരിച്ച നബി (സ്വ).
3. കഴുത്തിൽ ഒട്ടകത്തിന്റെ ചീഞ്ഞളിഞ്ഞ കുടൽ മാല ചാർത്തിയവർ...

- **വിമർശനങ്ങളുടെ വസ്തുത എന്ത്?**

- നബി (സ്വ) യുടെ വിവാഹം ഏറെ വിമർശിക്കപ്പെടാറുണ്ട്.
- ആയിശ (റ) യും നബി (സ്വ) യുടെ തമ്മിലുള്ള വിവാഹമാണ് ഏറ്റവും കൂടുതൽ വിമർശിക്കപ്പെടുന്നത്.

1. **ആയിശ (റ) വിവാഹം വസ്തുത എന്ത്?**

- വിമർശകർ പറയുന്നത് പീഡനങ്ങൾ നടക്കാൻ കാരണം ഇസ്ലാം അനുവദിച്ച വിവാഹ രീതിയാണ്.
- നബി (സ്വ) ചെറിയ കുട്ടിയായ ആയിശയെ വിവാഹം കഴിച്ചു. അതു കൊണ്ടാണിത് സംഭവിക്കുന്നത്.
- ഏറ്റവും രസകരമായ കാര്യം നിരീശ്വരവാദികൾ ഇത്തരത്തിലുള്ള വിമർശനങ്ങൾ ഉന്നയിക്കുന്നു എന്നുള്ളതാണ്.
- ലൈംഗീക ബന്ധത്തിന് ഉഭയകക്ഷി സമ്മതം മാത്രം മതി എന്നു പറയുന്നവരാണ് നബി (സ്വ) യുടെ ഈ വിവാഹത്തെ എതിർക്കുന്നത്
- സ്വന്തം മാതാവുമായും സഹോദരിയുമായും, മൃഗങ്ങളുമായും, ശവ രതി പോലും ആവാം എന്നു പറയുന്നവർ...
- **നാം അറിയേണ്ടത്...**

1. ആയിശാ (റ) യും നബി (സ്വ) യും തമ്മിലുള്ള വിവാഹത്തെ എതിർക്കുന്നവർ നബി (സ്വ) യുടെ മറ്റു വിവാഹങ്ങളെ കാണാതെ പോകുന്നു.

2. ഉദാഹരണം: തന്നെക്കാൾ പ്രായമുള്ള ഖദീജ (റ) യെ വിവാഹം കഴിച്ചത്, വിധവകളായ സ്ത്രീകളെ വിവാഹം കഴിച്ചത്.
3. ആയിശ ബിവിക്ക് ആദ്യം വന്ന വിവാഹലോചന നബി (സ്വ) യുടെത് അല്ല, അതിന് മുമ്പ് മറ്റു ചിലർ ആ മഹതിയെ വിവാഹം ആലോചിച്ചിരുന്നു. അപ്പോൾ മനസ്സിലാകുന്നത് ആ കാല ഘട്ടത്തിൽ ആ പ്രായത്തിൽ വിവാഹം നടന്നിരുന്നു എന്നാണ്.
4. നബി (സ്വ) യെ എല്ലാ നിലക്കും വിമർശിച്ചവരാണ് മക്കാ മുശ്രിക്കുകൾ, അവർ നബിയെ സാഹിറാണ്, മജ്നൂനാണ്. എന്നെല്ലാം വിമർശിച്ചിരുന്നു. എന്നാൽ ആ വിമർശനങ്ങളിൽ എവിടെയും നബി (സ്വ) ചെറിയ പെൺകുട്ടിയെ വിവാഹം കഴിച്ചു എന്നു പറയുന്നില്ല.
5. വിവാഹം കഴിച്ചു കൊടുത്ത പിതാവിനോ, മാതാവിനോ പ്രയാസമുണ്ടായിട്ടില്ല.
6. വിവാഹിതയായ ആയിശ (റ) ക്ക് യാതൊരു പ്രശ്നവും ഇല്ലായിരുന്നു.

- **വിവാഹത്തിലെ യുക്തി...**
- അവരിലൂടെയാണ് നബി (സ്വ) കുടുംബ ജീവിതം പഠിപ്പിക്കപ്പെട്ടത്.
- കർമ്മ ശാസ്ത്രത്തിന്റെ നാലിലൊന്ന് അവരിലൂടെയാണ് ഈ ലോകം അറിഞ്ഞത്.
- ഇതു പോലെ ഓരോ വിമർശനങ്ങളും പഠിച്ചാൽ മുഹമ്മദ് നബി (സ്വ) യെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ തീരും.
- **വിമർശനങ്ങൾക്കുള്ള മറുപടി ഇസ്ലാമിനുണ്ട്**
- ഇസ്ലാമിനെയും പ്രവാചകനെയും വിമർശിക്കുന്നവർക്കെല്ലാം ഇസ്ലാമിന് കൃത്യമായ മറുപടിയുണ്ട്.
- **വിമർശകരുടെ ലക്ഷ്യം?**

1. നമ്മെ പ്രകോപിപ്പിക്കുക
2. മുസ്ലിംങ്ങൾ വിമർശനത്തെ ഭയക്കുന്നു എന്നു വരുത്തുക
3. ഇസ്ലാം അസഹിഷ്ണുതയെന്ന് വരുത്താം
4. മുസ്ലിംങ്ങൾ ഭീകരരാണെന്ന് വരുത്താം

- **നാം എങ്ങിനെ പ്രതികരിക്കണം .**

പ്രതികരണം ആയുധം കൊണ്ട് നടത്താൻ ആരാണ് അനുവാദം നൽകിയത് .

നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- പ്രവാചക സുന്നത്തുകൾ ജീവിത്തിൽ പകർത്തുക,
- സമൂഹത്തിന് പ്രവാചക അദ്ധ്യാപനങ്ങൾ പകർന്നു കൊടുക്കുക.

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَنْ يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ وَمَنْ يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالًا مُبِينًا (الأحزاب: ٣٦)

- ഖുത്ത്വബ നോട്ടുകൾ ലഭിക്കാൻ (+966503722340) ഈ നമ്പറിൽ ബന്ധപ്പെടുക.
- ഖുത്ത്വബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

ഇത് വരെയുള്ള എല്ലാ ഖുത്ത്വബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.